**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4869** **20-07-2022 - ൽ മറുപടിയ്ക്ക്**

**ലിറ്റിൽ ഇന്ത്യ കാസർഗോഡ് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലിറ്റിൽ ഇന്ത്യ കാസർഗോഡ് ടൂറിസം പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേരളത്തിനകത്തും പുറത്തും പരിചയപ്പെടുത്തുന്നതിന് കാസർഗോഡ് ഡി.റ്റി.പി.സി തയ്യാറാക്കിയ ക്യാമ്പയിനാണ് 'ലിറ്റിൽ ഇന്ത്യ കാസറഗോഡ്'.<br><br>2021-ജൂലൈയിൽ ബ്രാൻറ് ചെയ്ത കാമ്പയിൻ ആണ് ഇത്. കാസർഗോഡിനെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമമാണ് ഡി.ടി.പി.സി. ഈ ബ്രാൻഡിംഗിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>കേരള വിനോദ സഞ്ചാര വകുപ്പിന്റെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം, കാസറഗോഡ് ജില്ലയിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് മറ്റ ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായതിനാൽ ഈ ക്യാമ്പയിൻ വഴി കാസർഗോഡിലെ അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്രോത്സാഹി പ്പിക്കുവാനും അവിടെ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നാടിന് പുരോഗതി കൈവരിക്കാനും സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ടി പദ്ധതിയുടെ ഭാഗമായി വരുന്ന സോഷ്യൽ മീഡിയ ക്യാമ്പയിനും വെബ് സൈറ്റ് ക്രിയേഷനുമായി കാസറഗോഡ് നിന്നും ഐ.റ്റി. പ്രൊഫണല്ലുകളെ വച്ച് സ്പോൺസർഷിപ്പിലൂടെ ചെയ്യാനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ നിർവ്വഹണ | (സി) | കാസർഗോഡ് ഡി.റ്റി.പി.സി നേരിട്ട് നടത്തുന്ന ടി പദ്ധതിയുടെ ഭാഗമായി വീഡിയോകൾ സോഷ്യൽ മീഡിയാ പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഏജൻസിയെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | | കാസറഗോഡിന്റെ ടൂറിസം സാധ്യതകളും കൂടാതെ കാസറഗോഡിന്റെ തനതായ ഉത്പന്നങ്ങളും , പരമ്പരാഗത കലകളും പുറം ലോകത്തിന് പരിചിതമാക്കാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ